പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2269 08.07.2015-ൽ മറുപടിക്ക്

**വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പ്രയാസങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ ആരോഗ്യ വകുപ്പിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്ന ജീവനക്കാരെത്രയാണെന്ന് വിശദമാക്കുമോ; | (എ)കാസർഗോഡ് ജില്ലയിൽ ആരോഗ്യ വകുപ്പിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ആരുംതന്നെ ജോലി ചെയ്യുന്നില്ല. എന്നാൽ, കാസർഗോഡ് ജില്ലയിൽനിന്നും, ആരോഗ്യ വകുപ്പിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ 3 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.<br>1. ഡോ.മുരളീധരൻ - ഡെന്റൽ സിവിൽ സർജൻ, ജനറൽ ആശുപത്രി, കാസർഗോഡ്.<br>2. ഡോ.പ്രശാന്ത്.ജി.എൽ - താലൂക്ക് ആശുപത്രി, നീലേശ്വരം<br>3. നഴ്സിംഗ് ട്യൂട്ടർ - ഗവൺമെന്റ് സ്കൂൾ ഓഫ് നഴ്സിംഗ്, കാസർഗോഡ് |
| (ബി) ശമ്പളം കാസർഗോഡ് ജില്ലയിലും ജോലി മറ്റൊരു ജില്ലയിലും ആകുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി)കാസർഗോഡ് ജനറൽ ആശുപത്രിയിലെ ഏത് ഡോക്ടറെയാണ് വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റൊരു ജില്ലയിൽ നിയമിച്ചിട്ടുള്ളത്; പകരം മറ്റൊരു ആളെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഡോക്ടറുടെ സേവനം ലഭിക്കാത്തതുകൊണ്ട് പ്രയാസപ്പെടുന്ന രോഗികളുടെ ദുരിതം ഇല്ലാതാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) കാസർഗോഡ് ജനറൽ ആശുപത്രിയിലെ ഡെന്റൽ സിവിൽസർജൻ ആയ ഡോ.മുരളീധരനെയാണ് വർക്കിംഗ് അറേഞ്ച് മെന്റിൽ മറ്റൊരു ജില്ലയിൽ നിയമിച്ചിട്ടുള്ളത്. പകരം കാസർഗോഡ് ജനറൽ ആശുപത്രിയിലെ ദന്തൽ വിഭാഗത്തിൽ ആശുപത്രി മാനേജ്മെന്റ് സമിതി ഒരു ഡെന്റൽ സർജനെ നിയമിച്ചിരുന്നു. നിലവിൽ ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രസ്തുത രീതിയിലുള്ള തുടർനിയമനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ